പതിമൂന്നാം കേരള നിയമ സഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2175 — 15/07/011 - ൽ മറുപടിക്ക്

## 2009 - 10 വർഷത്തെ തിരുവനന്തപുരം ജില്ലയിലെ എയ്ഡഡ് സ്കൂൾ ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് ക്രെഡിറ്റ് കാർഡുകൾ നാളിതുവരെ വിതരണം നടത്താത്ത നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | ശ്രീ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പ് മന്ത്രി |
| (എ) തിരുവനന്തപുരം ജില്ലയിലെ എയ്ഡഡ് സ്കൂൾ ജീവനക്കാരുടെ 2009 - 10 വർഷത്തെ പ്രൊവിഡന്റ് ഫണ്ട് ക്രെഡിറ്റ് കാർഡുകൾ നാളിതുവരെ വിതരണം നടത്തിയിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | 2009 - 10 വർഷത്തെ എയിഡഡ് സ്കൂൾ പ്രൊവിഡന്റ് ഫണ്ട് ക്രെഡിറ്റ് കാർഡുകളുടെ വിതരണം നടന്നുകൊണ്ടിരിക്കുകയാണ്. |
| (ബി) എങ്കിൽ ഇതു സമയബന്ധിതമായി വിതരണം നടത്താൻ നടപടി സ്വീകരിക്കുമോ? | 2009 - 10 വർഷത്തെ എയ്ഡഡ് സ്കൂൾ പ്രൊവിഡന്റ് ഫണ്ട് ക്രെഡിറ്റ് കാർഡുകളുടെ വിതരണം എത്രയും വേഗം പൂർത്തിയാക്കാൻ തിരുവനന്തപുരം വിദ്യാഭ്യാസ ഉപ ഡയറക്ടർ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) ഇക്കാര്യത്തിൽ വീഴ്ചവരുന്നതിനുള്ള കാരണം അന്വേഷിച്ച് നടപടി സ്വീകരിക്കുമോ? | ഇക്കാര്യത്തിൽ വീഴ്ചവരുന്നതിനുള്ള പ്രധാന കാരണം പ്രവർത്തനക്ഷമമായ കമ്പ്യൂട്ടറുകളുടെ അഭാവം ആയിരുന്നു. കമ്പ്യൂട്ടറുകൾ കാര്യക്ഷമമായി പ്രവർത്തനം ആരംഭിച്ചിട്ട് ഏതാനും ആഴ്ചകളെ ആയിട്ടുള്ളൂ. ഇതിനാലാണ് പ്രൊവിഡന്റ് ഫണ്ട് കാർഡ് വിതരണത്തിൽ കാലതാമസം നേരിട്ടത്. |

| | | |
|---|---|---|
| (ഡി) | എയ്ഡഡ് സ്കൂൾ ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടുകൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുവാൻ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ ജീവനക്കാരെക്കൊണ്ട് പൂർണ്ണമായും കഴിയുന്നുണ്ടോ; ഇല്ലെങ്കിൽ ബദൽ സംവിധാനം ഏർപ്പെടുത്തുമോ? | കേരള എയിഡഡ് സ്കൂൾ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് സംബന്ധിച്ച കാര്യങ്ങൾ കൈകാര്യം ചെയ്യാൻ നിലവിലുള്ള ജീവനക്കാർ പര്യാപ്തമാണ്. |
| (ഇ) | പ്രസ്തുത അദ്ധ്യാപകരുടെ പി.എഫിൽ നിന്നും തുക പിൻവലിക്കുന്നതിനും മറ്റുമുള്ള അപേക്ഷ അകാരണമായി തടഞ്ഞുവയ്ക്കുകയും പ്രസ്തുത ഓഫീസിൽ ക്രമരഹിതമായി കാര്യങ്ങൾ നടത്തുന്നതുമായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (എഫ്) | എങ്കിൽ ഇക്കാര്യം വിജിലൻസിനെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിന് ഉത്തരവ് നൽകുമോ? | മേൽ മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ